# കേരള നിയമസഭ
# 20.10.2011-ലെ മറുപടിക്ക്

<u>വിദ്യാലയങ്ങൾക്ക് സമീപം ലഹരിവസ്തുക്കളുടെ ലഭ്യത</u>

4639 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മദ്യത്തിനും മയക്കുമരുന്നിനും അടിമകളായവരെ കണ്ടെത്തി അവരെ ബോധവത്ക്കരിക്കാനും ചികിത്സ ആവശ്യമുള്ളവർക്ക് അത് നൽകാനും എന്തെല്ലാം പദ്ധതികളാണ് ഗവൺമെന്റിന്റെ കീഴിലുള്ളത്; വിശദമാക്കുമോ;

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ എക്സൈസ് ഉദ്യോഗസ്ഥർ, അദ്ധ്യാപകർ, പി. ടി. എ., ജനപ്രതിനിധികൾ എന്നിവരുൾപ്പെടുന്ന സമിതികൾ രൂപീകരിച്ച് വിദ്യാലയങ്ങൾക്ക് സമീപം മദ്യം, മയക്കുമരുന്ന്, പുകയില ഉല്പന്നങ്ങൾ എന്നിവയുടെ ലഭ്യത ഇല്ലാതാക്കാൻ സംസ്ഥാന തലത്തിൽ ഒരു പദ്ധതി ആവിഷ്ക്കരിക്കുമോ; നിലവിൽ ഇങ്ങനെയൊരു പദ്ധതിയുണ്ടെങ്കിൽ അതിനെ സജീവമാക്കാനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>മദ്യപാനം കൊണ്ടുള്ള ആരോഗ്യപ്രശ്നങ്ങൾ</u>

4640 ശ്രീ. വി. പി. സജീന്ദ്രൻ
,, എം. എ. വാഹീദ്
,, എം. പി. വിൻസെന്റ്
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മദ്യപാനം മനുഷ്യന്റെ ആരോഗ്യത്തെ എങ്ങനെ ബാധിക്കുമെന്ന് സംബന്ധിച്ച് ഏതെങ്കിലും വിദഗ്ധരുടെ പഠന റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ആരോഗ്യരംഗത്തെ വിദഗ്ധരുടെ പഠന റിപ്പോർട്ട് ലഭിച്ചിട്ടില്ലെങ്കിൽ ഇത്തരത്തിലുള്ള പഠന റിപ്പോർട്ട് തയ്യാറാക്കുവാൻ വിദഗ്ധരുടെ പാനലിന് രൂപം നൽകുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപഭോഗത്തിനെതിരെ ബോധവല്‍ക്കരണത്തിനായി ചിലവഴിച്ച തുക</u>

4641 ശ്രീ. സി.കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മുന്‍ സര്‍ക്കാരിന്റെ കാലത്ത് മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും വര്‍ദ്ധിച്ചുവരുന്ന ഉപഭോഗത്തിനെതിരെ ബോധവല്‍ക്കരണത്തിനായി ചിലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സര്‍ക്കാര്‍ ബോധവല്‍ക്കരണ പരിപാടിക്കായി എത്ര തുകയാണ് വകയിരുത്തിയിട്ടുളളത്?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും വര്‍ദ്ധിച്ചുവരുന്ന ഉപയോഗത്തിനെതിരെ ബോധവല്‍ക്കരണത്തിനായി ചെലവഴിച്ച തുക</u>

4642 ശ്രീ. മാത്യു റ്റി. തോമസ്
ശ്രീമതി ജമീലാ പ്രകാശം
ശ്രീ. ജോസ് തെറ്റയില്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കഴിഞ്ഞ സര്‍ക്കാരിന്റെ കാലത്ത് മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും വര്‍ദ്ധിച്ചുവരുന്ന ഉപയോഗത്തിനെതിരെ ബോധവല്‍ക്കരണത്തിനായി ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിനുശേഷം ബോധവല്‍ക്കരണ പരിപാടിക്കായി എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളത്;

(സി) ബോധവല്‍ക്കരണ പരിപാടിയുടെ നടത്തിപ്പിനായി ഈ സര്‍ക്കാര്‍ സ്വീകരിച്ചിട്ടുള്ള നടപടികള്‍ എന്തെല്ലാമെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
# 20.10.2011-ലെ മറുപടിക്ക്

മദ്യപാനംമൂലമുള്ള രോഗങ്ങൾക്ക് എക്സൈസ് വകുപ്പിന്റെ ചികിത്സാ പദ്ധതി

4643 ശ്രീ. റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്
,, തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികളിലും യുവജനങ്ങളിലും വലിയ തോതിൽ മദ്യപാനവും പുകയില ഉത്പന്നങ്ങളുടെ ഉപയോഗവും വർദ്ധിച്ചുവരുന്നത് തടയുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) മദ്യ ഉപഭോഗം പരമാവധി കുറയ്ക്കുന്നതിന് എന്തൊക്കെ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ;

(സി) വലിയ തോതിലുള്ള ആരോഗ്യ പ്രശ്നങ്ങൾ മദ്യപാനം മൂലമായതിനാൽ ഇതുവഴി രോഗികളായ പാവപ്പെട്ടവരെ സഹായിക്കുവാൻ എക്സൈസ് വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>എക്സൈസ് ക്രൈം ഡിറ്റക്ഷൻ വിംഗ്</u>

4644 ശ്രീ. വി. പി. സജീന്ദ്രൻ
,, കെ. ശിവദാസൻ നായർ
,, പി. സി. വിഷ്ണുനാഥ്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എക്സൈസ് ക്രൈം ഡിറ്റക്ഷൻ വിംഗ് രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) എക്സൈസ് ക്രൈം ഡിറ്റക്ഷൻ വിംഗിന്റെ ചുമതലകൾ എന്തെല്ലാമാണ്;

(സി) ക്രൈം ഡിറ്റക്ഷൻ വിംഗിലെ ഉദ്യോഗസ്ഥന്മാർക്ക് ശാസ്ത്രീയമായി കുറ്റാന്വേഷണത്തിൽ പരിശീലനം നൽകാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>മദ്യനയവും കള്ളുവ്യവസായരംഗത്തെ പ്രതിസന്ധിയും</u>

4645 ശ്രീ. പി. കെ. ഗുരുദാസൻ
,, കെ. ദാസൻ
,, സി. കെ. സദാശിവൻ
,, കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ പ്രഖ്യാപിച്ച മദ്യനയം ബാറുടമകളേയും കരാറുകാരേയും മാത്രം സഹായിക്കുന്നതും സംരക്ഷിക്കുന്നതുമാണെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത നയം കള്ളുവ്യവസായരംഗത്തെ പ്രതിസന്ധിയിലാക്കിയിരിക്കുകയാണെന്ന കാര്യം സർക്കാരിനറിയാമോ;

(സി) ഈ രംഗത്ത് പ്രവർത്തിച്ചുവരുന്ന സഹകരണ സംഘങ്ങളിൽ നിന്നുൾപ്പെടെ ജോലി നഷ്ടപ്പെട്ട പതിനായിരത്തോളം ആളുകളുടെ പ്രയാസങ്ങൾ സർക്കാർ പരിഗണിക്കുമോ ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>കള്ള് ഷാപ്പുകള്‍ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങള്‍</u>

4646 ശ്രീ. കെ. ദാസന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 2002 ഏപ്രില്‍ മുതല്‍ 2007 മാര്‍ച്ച് 31 വരെ സംസ്ഥാനത്ത് കള്ള് ഷാപ്പ് ലൈസന്‍സെടുത്ത് ഷാപ്പുകള്‍ നടത്തിയവരില്‍ എത്ര പേര്‍ക്കെതിരെ എത്ര അബ്കാരി കേസുകള്‍ രജിസ്റ്റര്‍ ചെയ്തിട്ടുണ്ട് ; ഈ കേസുകളില്‍ ഇനിയും തീര്‍പ്പാവാത്ത കേസുകള്‍ എത്രയുണ്ട് എന്നറിയിക്കുമോ ; തീര്‍പ്പാവാത്ത കേസുകളുടെ വിശദവിവരം നല്‍കുമോ ;

(ബി) 2006-07 കാലയളവില്‍ മാത്രം സംസ്ഥാനത്ത് കള്ളുഷാപ്പുകള്‍ നടത്തിയവര്‍ക്ക് 2011 ഒക്ടോബര്‍ മുതല്‍ കള്ള് ഷാപ്പുകള്‍ നടത്തുന്നതിന് മുന്‍ഗണന നല്‍കിയത് എന്ത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് എന്ന് വ്യക്തമാക്കുമോ ;

(സി) സഹകരണ സംഘങ്ങള്‍ കള്ള് ഷാപ്പുകള്‍ നടത്തിയ റെയിഞ്ചുകളില്‍ 2006-07 വര്‍ഷം കള്ള്ഷാപ്പ് നടത്തിയവര്‍ക്ക് മാത്രമായി മുന്‍ഗണന നല്‍കിയത് പ്രത്യേക മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലായിരുന്നോ ; മറ്റ് റെയ്ഞ്ചുകളില്‍ 2010-11 ലെ മുന്‍ഗണനാ ക്രമം നിശ്ചയിച്ചത് എപ്രകാരമായിരുന്നു ;

(ഡി) കള്ള്ഷാപ്പുകള്‍ ലേലത്തില്‍ ലഭിച്ച ലൈസന്‍സികള്‍ പലരും ബിനാമി ലൈസന്‍സികളാണ് എന്നത് സംബന്ധിച്ച് അന്വേഷണം നടത്താന്‍ തയ്യാറാകുമോ ;

(ഇ) സംസ്ഥാനത്ത് പുതിയ മാനദണ്ഡം നടപ്പിലാക്കിയതിന്റെ ഫലമായി വ്യാജ മദ്യ ഉല്‍പ്പാദനം വര്‍ദ്ധിച്ചതും സ്പിരിറ്റ് കടത്ത് വ്യാപകമായതും ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(എഫ്) മദ്യദുരന്തം വര്‍ദ്ധിച്ചുവരുന്ന സാഹചര്യത്തില്‍ മദ്യദുരന്തത്തിന് കാരണക്കാരാവുന്ന കള്ളുഷാപ്പ് നടത്തിപ്പുകാര്‍ക്കെതിരെ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; ഇവരെക്കുറിച്ച് സര്‍ക്കാരിന്റെ പക്കല്‍ രേഖകളുണ്ടോ ; എങ്കില്‍ അതിന്റെ വിശദാംശം നല്‍കുമോ ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

പുതിയ ബാറുകൾക്ക് വേണ്ടി ലഭിച്ച അപേക്ഷകൾ

4647 ശ്രീ.പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ പുതിയ ബാറുകൾ തുടങ്ങുന്നതിനുള്ള അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ആരെല്ലാമാണ് അപേക്ഷ നൽകിയതെന്ന് വ്യക്തമാക്കാമോ ;

(സി) കോഴിക്കോട് ജില്ലയിലെ മാനിപുരത്ത് കാവിൽ എന്ന സ്ഥലത്ത് കള്ള്ഷാപ്പിന് ലൈസൻസ് നൽകിയിട്ടുണ്ടോ ?

# കേരള നിയമസഭ
# 20.10.2011-ലെ മറുപടിക്ക്

മദ്യവില്പന

4648 ശ്രീ. റ്റി.എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മദ്യത്തിന്റെ ഉപയോഗം നിയന്ത്രിക്കുന്നതിന് എന്തൊക്കെ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) കുട്ടികൾക്ക് മദ്യം വിൽക്കുന്നതിന് നിയന്ത്രണ വ്യവസ്ഥ നിലവിലുണ്ടോ; എങ്കിൽ എത്ര വയസ്സാണ് നിശ്ചയിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) ചില അന്യസംസ്ഥാനങ്ങളിൽ 25 വയസ്സിൽ താഴെയുള്ളവർക്ക് മദ്യം വിൽക്കാൻ പാടില്ലെന്ന നിയന്ത്രണ വ്യവസ്ഥ നിലവിലുള്ള കാര്യം അറിവുണ്ടോ;

(ഡി) സംസ്ഥാനത്തും മദ്യം വാങ്ങുന്നതിന് 25 വയസ്സ് കഴിഞ്ഞിരിക്കണമെന്ന വ്യവസ്ഥ ഏർപ്പെടുത്തുകയും അതു കർശനമായി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുമോ ?

# കേരള നിയമസഭ
# 20.10.2011-ലെ മറുപടിക്ക്

<u>കള്ള് ചെത്ത് വ്യവസായം</u>

4649 ശ്രീ. കെ. ദാസൻ
,, ബി. ഡി. ദേവസ്സി
,, പുരുഷൻ കടലുണ്ടി
,, കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിലധിഷ്ഠിത വ്യവസായമെന്ന പരിഗണന നൽകി കള്ളുചെത്ത് വ്യവസായത്തെ സംരക്ഷിക്കുന്നതിൽ, സർക്കാരിന്റെ മുമ്പാകെയുള്ള നിർദ്ദേശങ്ങൾ എന്തെല്ലാമാണ്;

(ബി) കള്ളുചെത്തും, വില്പനയും വ്യക്തികളേക്കാൾ നന്നായി സഹകരണ സംഘങ്ങൾ വഴി നടപ്പിലാക്കാൻ കഴിയും എന്ന കാര്യം സർക്കാർ പരിഗണിച്ചിട്ടുണ്ടോ;

(സി) സംസ്ഥാനത്തിപ്പോൾ എത്ര സഹകരണ സംഘങ്ങൾ ഈ രംഗത്തുണ്ടെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 20.10.2011-ലെ മറുപടിക്ക്

<u>കേരത്തിൽ വിൽപ്പന നടന്ന വിദേശ മദ്യത്തിന്റെ അളവ്</u>

4650 ശ്രീ. കെ.കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2010 ,2011 എന്നീ വർഷങ്ങളിലെ ഓണക്കാലത്ത് കേരളത്തിൽ വിൽപ്പന നടന്ന വിദേശമദ്യത്തിന്റെ അളവ് ലിറ്ററിൽ വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മദ്യത്തിന്റെ ഉപഭോഗം/വിൽപ്പന വർധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

ബിവറേജസ് കോര്‍പ്പറേഷനില്‍ ശമ്പള പരിഷ്ക്കരണം

4651 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാന ബിവറേജസ് കോര്‍പ്പറേഷനില്‍ വിവിധ തസ്തികകളിലായി എത്ര സ്ഥിരം ജീവനക്കാര്‍ ജോലി ചെയ്തുവരുന്നുണ്ടെന്നും, അവരുടെ ശമ്പളസ്കെയില്‍ എപ്രകാരമാണെന്നും വ്യക്തമാക്കാമോ;

(ബി) ഈ സ്ഥാപനത്തില്‍ പെന്‍ഷന്‍ ഏര്‍പ്പെടുത്താന്‍ ഉദ്ദേശമുണ്ടോ;

(സി) പ്രസ്തുത കോര്‍പ്പറേഷനില്‍ ശമ്പള പരിഷ്ക്കരണം നടത്തിയിട്ട് എത്ര കാലമായി; ശമ്പള പരിഷ്ക്കരണം നടപ്പാക്കാന്‍ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

മലബാർ ഡിസ്റ്റിലറി തുറന്ന് പ്രവർത്തിപ്പിക്കാൻ നടപടി

4652 ശ്രീ. കെ. അച്ചുതൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലബാർ ഡിസ്റ്റിലറി എന്ന പുതിയ കമ്പനി തുറന്ന് പ്രവർത്തിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) പഴയ ചിക്കോപ്സ് കമ്പനിയുടെ പഴയ സാധന സാമഗ്രികൾ ലേലം ചെയ്ത് കമ്പനി എത്രയും പെട്ടെന്ന് പ്രവർത്തനക്ഷമമാക്കുമോ;

(സി) ചിക്കോപ്സ് കമ്പനിയിലെ തൊഴിലാളികൾക്ക് ശമ്പള കുടിശ്ശികയിനത്തിൽ ബാക്കിയുള്ള തുക അടിയന്തിരമായി നീക്കിവയ്ക്കുമോ;

(ഡി) കമ്പനിയുടെ പ്രവർത്തനത്തിന് കാലതാമസം നേരിടുന്ന ഘട്ടത്തിൽ സർക്കാർ ലേബലിൽ മറ്റ് കമ്പനികളിൽ മലബാർ ഡിസ്റ്റലറീസിന്റെ മദ്യം കരാർ അടിസ്ഥാനത്തിൽ നിർമ്മിച്ച് ബ്രാന്റ് പുറത്തിറക്കുമോ;

(ഇ) ചിക്കോപ്സ് കാഷ്വൽ ലേബേർസിന് ഓണത്തിന് ഉത്സവബത്ത നൽകിയിട്ടില്ലാത്തതിനാൽ ആയത് നൽകുമോ;

(എഫ്) ചിക്കോപ്സ് കാഷ്വൽ തൊഴിലാളികളെ മലബാർ ഡിസ്റ്റിലറിയിലേയ്ക്ക് മാറ്റുമോ എന്നറിയിക്കുമോ?

# കേരള നിയമസഭ
# 20.10.2011-ലെ മറുപടിക്ക്

കാസറഗോഡ് ജില്ലയിലെ എക്സൈസ് ഗാർഡുമാരുടെ ഒഴിവുകൾ

4653 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസറഗോഡ് ജില്ലയിൽ എക്സൈസ് ഗാർഡുമാരുടെ എത്ര ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ജില്ലയിൽ എക്സൈസ് ഗാർഡുമാരുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ;

(സി) എങ്കിൽ ഇതിൽ നിന്നും എത്ര നിയമനം നടത്തി എന്ന് അറിയിക്കാമോ;

(ഡി) ഒഴിവുകൾ പൂർണ്ണമായും നികത്തുവാൻ പ്രസ്തുത പട്ടികയിൽ നിന്നും നിയമനം നടത്തുമോ ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>വൈപ്പിൻ മണ്ഡലത്തിലെ കള്ളുഷാപ്പുകൾ</u>

4654 ശ്രീ.എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ കള്ളുഷാപ്പുകളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ ;

(ബി) നിലവിൽ ഇവിടെ എത്ര കള്ളുഷാപ്പുകൾ തുറന്നു പ്രവർത്തിക്കുന്നുണ്ട് ; എത്ര എണ്ണം അടച്ചിട്ടിരിക്കുന്നു; അത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 20.10.2011-ലെ മറുപടിക്ക്

<u>അങ്കമാലി നിയോജകമണ്ഡലത്തിലെ അനധികൃത മദ്യവിൽപ്പന</u>

4655 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ തുറവൂർ, കാലടി, മലയാറ്റൂർ-നിലിശ്വരം തുടങ്ങിയ വിവിധ പഞ്ചായത്തുകളിൽ സി ക്ലാസ് കടകളിലും സമീപപ്രദേശങ്ങളിലും അനധികൃത മദ്യവിൽപ്പനയുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) ഈ കേസുകളിൽ ആരെല്ലാമാണ് ഉൾപ്പെട്ടിട്ടുളളതെന്നും ഇവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുളളതെന്നും വെളിപ്പെടുത്തുമോ;

(സി) നിലവിൽ കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടും കേസുകളിൽ ഉൾപ്പെട്ട വ്യക്തികൾ ഈ മേഖലകളിൽ അനധികൃത വില്പന തുടർന്നും നടത്തിക്കൊണ്ടിരിക്കുന്നത് തടയുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുളളതെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>എയർ ടാക്സി സംവിധാനം ആരംഭിക്കുന്നതിന് നടപടി</u>

4656 ശ്രീ.എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിനുള്ളിലെ പ്രദേശങ്ങളെ ബന്ധിപ്പിച്ച് ആകാശ മാർഗ്ഗേയുള്ള ഗതാഗത സംവിധാനങ്ങൾ ആരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) സംസ്ഥാനത്ത് ചെറുകിട വിമാനത്താവളങ്ങൾ തുടങ്ങുന്നതിനുള്ള സാധ്യതാ പഠനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ ;

(സി) കേരളത്തിലെ ചെറുകിട വിമാനത്താവളങ്ങളെ ബന്ധപ്പെടുത്തി എയർ ടാക്സി സംവിധാനം ആരംഭിക്കുന്നതിന് നടപടി സ്വീകരിയ്ക്കുമോ ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>കപ്പൽ നിർമ്മാണ ശാല</u>

4657 ശ്രീ. പാലോട് രവി
'' ഷാഫി പറമ്പിൽ
'' സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രണ്ടാമതൊരു കപ്പൽ നിർമ്മാണശാല തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാമാണ് ;

(ബി) എവിടെയാണ് ഇതു തുടങ്ങാനുദ്ദേശിക്കുന്നത് ;

(സി) ഇതിനായി ഭൂമി ഏറ്റെടുക്കുമ്പോൾ ബുദ്ധിമുട്ടിലാവുന്നവരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി എടുക്കുമോ ;

(ഡി) ഈ പദ്ധതി എപ്പോൾ തുങ്ങാനാകുമെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

മാരിടൈം ഡവലപ്പ്മെന്റ് കോർപ്പറേഷൻ രൂപീകരിക്കാൻ നടപടി

4658 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാരിടൈം ഡെവലപ്പമെന്റ് കോർപ്പറേഷൻ രൂപീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ, പ്രസ്തുത കോർപ്പറേഷന്റെ പരിധിയിൽ ഏതെല്ലാം സ്ഥാപനങ്ങളെ ഉൾപ്പെടുത്തമെന്ന് വ്യക്തമാക്കാമോ;

(സി) കോർപ്പറേഷന്റെ രൂപീകരണം കൊണ്ട് സർക്കാർ ലക്ഷ്യമിടുന്നത് എന്തൊക്കെയെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>വിഴിഞ്ഞം തുറമുഖത്തിന്റെ പാരിസ്ഥിതിക ആഘാത പഠനം</u>

4659 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖത്തിന്റെ പാരിസ്ഥിതിക ആഘാത പഠനം ആരംഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പഠനം പൂർത്തിയാക്കി കേന്ദ്ര സർക്കാരിൽ നിന്നും പരിസ്ഥിതി ക്ലിയറൻസ് എന്ന് ലഭിക്കുമെന്ന് അറിയിക്കുമോ ;

(സി) ഇതിനായി സ്വീകരിച്ച തുടർ നടപടികൾ വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>അന്താരാഷ്ട്ര കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനലിന്റെ പ്രവർത്തനം</u>

4660 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വല്ലാർപാടം അന്താരാഷ്ട്ര കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനലിൽ പ്രതിവർഷം കൈകാര്യം ചെയ്യുമെന്ന് ലക്ഷ്യമിട്ട കണ്ടെയ്നറുകളുടെ എണ്ണമെത്രയാണ്;

(ബി) പ്രവർത്തനമാരംഭിച്ച ആദ്യത്തെ 6 മാസം എത്ര കണ്ടെയ്നറുകൾ കൈകാര്യം ചെയ്തു;

(സി) ലക്ഷ്യം കൈവരിക്കാൻ സാധിക്കാത്തത് നിലവിലുള്ള കബോട്ടാഷ് നിയമം മൂലമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ?

## കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

വിഴിഞ്ഞം തുറമുഖ പദ്ധതി സമയബന്ധിതമായി നടപ്പാക്കാൻ നടപടി

4661 ശ്രീ. റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്
,, തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ പദ്ധതി കാലതാമസം കൂടാതെ നടപ്പാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) വിഴിഞ്ഞം പദ്ധതിയിലൂടെ കേരളത്തിന് കൈവരുന്ന നേട്ടങ്ങൾ പരിഗണിച്ച് കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ സംയുക്താഭിമുഖ്യത്തിൽ ഈ പദ്ധതി നടപ്പാക്കുന്നതിന് നടപടി ഉണ്ടാകുമോ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി - അടിസ്ഥാന സൗകര്യ വികസനത്തിന് ഭൂമി

4662 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയിൽ അടിസ്ഥാന സൗകര്യ വികസനത്തിന് എത്ര ഏക്കർ ഭൂമിയാണ് ഏറ്റെടുക്കാനുദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ; കഴിഞ്ഞ സർക്കാർ ഇതിനായി എത്ര ഏക്കർ ഭൂമി ഏറ്റെടുത്തു; നഷ്ടപരിഹാര പാക്കേജിന്റെ ഭാഗമായി എത്ര കുടുംബങ്ങൾക്ക് ഭൂമിയും മറ്റ് ധനസഹായവും നൽകിയിട്ടുണ്ട്;

(ബി) വി. ഐ. എസ്. എൽ.-ന്റെ സി. ഇ. ഒ. അഥവാ എം. ഡി. ആയി ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥൻ ആരാണ്; ഈ ഉദ്യോഗസ്ഥന്റെ അക്കാദമിക് ടെക്നിക്കൽ യോഗ്യതകൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(സി) വി. ഐ. എസ്. എൽ.-ന്റെ ഓഫീസ്, ഇപ്പോൾ പ്രവർത്തിക്കുന്ന ട്രാൻസ് ടവറിൽ നിന്ന് മാറ്റുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നറിയിക്കുമോ ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ ടെന്ററിൽ പങ്കെടുത്ത സ്ഥാപനങ്ങളുടെ സുരക്ഷാ അനുമതി</u>

4663 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, ജോസഫ് വാഴക്കൻ
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ ടെന്ററിൽ പങ്കെടുത്തിട്ടുള്ളവർ ആരെല്ലാം; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) ടെന്ററിൽ പങ്കെടുത്ത സ്ഥാപനങ്ങളുടെ സുരക്ഷാ അനുമതി കേന്ദ്രത്തിൽ നിന്നും ലഭിച്ചിട്ടുണ്ടോ;

(സി) കേന്ദ്രാനുമതി വേഗത്തിലാക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>മുനമ്പം അഴിമുഖത്തെ ഹൈഡ്രോഗ്രാഫിക് സർവ്വേ</u>

4664 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുനമ്പം അഴിമുഖത്തെ മണൽത്തിട്ട അവസാനമായി ഡ്രഡ്ജ് ചെയ്ത് മാറ്റിയത് ഏതു വർഷമായിരുന്നുവെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിനായി ഹൈഡ്രോഗ്രാഫിക് സർവ്വേ അവസാനമായി നടത്തിയത് എന്നായിരുന്നു ; ഇതു പ്രകാരം അഴിമുഖത്തെ ആഴം എത്രയെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>മുനമ്പം അഴിമുഖത്ത് മണൽതിട്ട രൂപംകൊള്ളുന്നത് തടയുവാൻ നടപടികൾ</u>

4665 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യത്തിന്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

മുനമ്പം അഴിമുഖത്ത് മണ്ണ് അടിഞ്ഞുകൂടി മണൽതിട്ട രൂപംകൊള്ളുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ മണൽതിട്ട രൂപം കൊള്ളുന്നത് തടയുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

വേമ്പനാട് കായലിൽ ഹൈഡ്രോ ഗ്രാഫിക് സർവ്വേ

4666 ശ്രീ. പി. സി. വിഷ്ണുനാഥ്
,, അൻവർ സാദത്ത്
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വേമ്പനാട് കായലിൽ ഹൈഡ്രോ ഗ്രാഫിക് സർവ്വേ നടത്തി ചാനലുകൾ അടയാളപ്പെടുത്തുന്നതിനുള്ള ഏതെങ്കിലും പദ്ധതിയ്ക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ബോട്ടുകളുടെ യാത്രയ്ക്കുള്ള സുരക്ഷയിൽ ഏറെ പ്രാധാന്യമുള്ള ഈ 'ചാനൽബായ്' സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 20.10.2011-ലെ മറുപടിക്ക്

വിമാനയാത്രക്കാരും ബജറ്റ് എയർലൈനുകളും

4667 ശ്രീ. വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിമാനയാത്രക്കാരുടെ എണ്ണം ദിനംപ്രതി വർദ്ധിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കഴിഞ്ഞ 5 വർഷം സംസ്ഥാനത്തെ വിവിധ എയർപോർട്ടുകൾ വഴി യാത്രചെയ്തവരുടെ എണ്ണം കാണിക്കുന്ന സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാമോ;

(സി വിമാനയാത്രക്കാരുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ കൂടുതൽ ബജറ്റ് എയർ ലൈനുകൾ ആരംഭിക്കുവാൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുമോ?

# കേരള നിയമസഭ
# 20.10.2011-ലെ മറുപടിക്ക്

<u>സിയലിലെ അനധികൃത നിയമനങ്ങൾ</u>

4668 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, ബെന്നി ബെഹനാൻ
,, ഷാഫി പറമ്പിൽ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സിയലിൽ അനധികൃത നിയമനങ്ങൾ നടന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) അനധികൃത നിയമനങ്ങൾക്കെതിരെ ബന്ധപ്പെട്ടവരുടെ മേൽ നടപടി എടുക്കുമോ ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>തിരുവനന്തപുരം വിമാനത്താവളത്തിന്റെ റൺവേയുടെ നീളം കൂട്ടുന്നതിനുള്ള നിർദ്ദേശം</u>

4669

ശ്രീ. വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം വിമാനത്താവളത്തിന്റെ റൺവേയുടെ നീളം കൂട്ടുന്നതിനുള്ള നിർദ്ദേശം നിലവിലുള്ളതായി അറിയാമോ;

(ബി) എങ്കിൽ ഇതിനായി സ്ഥലം ഏറ്റെടുക്കുന്നതിന് എന്തെങ്കിലും നിർദ്ദേശം നിലവിലുണ്ടോ;

(സി) പ്രാദേശികവാസികളുടെ സഹകരണത്തോടെ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?